**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 352** **08-06-2021 - ൽ മറുപടിയ്ക്ക്**

**ഇരിക്കൂർ നിയോജകമണ്ഡലത്തിലെ സബ്ട്രഷറി കെട്ടിടങ്ങളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ് | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ശ്രീകണ്ഠപുരം സബ്ട്രഷറിക്കു വേണ്ടി സ്വന്തമായി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനം എന്ന് ആരംഭിക്കുവാൻ സാധിക്കുമെന്നും എപ്പോൾ പൂർത്തിയാക്കാൻ സാധിക്കുമെന്നും വെളിപ്പെടുത്താമോ; | (എ) | ശ്രീകണ്ഠപുരം സബ്ട്രഷറി കെട്ടിട നിർമ്മാണത്തിനായി ശ്രീകണ്ഠപുരം വില്ലേജിൽ 8.75 സെന്റ് സ്ഥലം സൗജന്യമായി ലഭിച്ചിട്ടുണ്ട്. പ്രസ്തുത ഭൂമിയിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി നിർമ്മാണ നിർവ്വഹണ ഏജൻസിയായ ഇൻകെൽ ലിമിറ്റഡ് പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളതും ആയതിന് 28/09/2020 തീയതിയിലെ സ.ഉ(സാധാ) നം. 5526/2020/ധന ഉത്തരവ് പ്രകാരം 2,66,42,000/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുള്ളതുമാണ്. അതോടൊപ്പം പുതിയ നിർമ്മാണ പ്രവർത്തികളൊന്നും തന്നെ ഇൻകെൽ ലിമിറ്റഡിന് നൽകേണ്ടതില്ല എന്നും പുതിയ നിർവ്വഹണ ഏജൻസിയെ ടെൻഡർ നടപടികളിലൂടെ കണ്ടെത്തണമെന്നും ട്രഷറി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ള സാഹചര്യത്തിൽ ആയതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്. |
| (ബി) | ആലക്കോട് സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏത് ഘട്ടത്തിലെത്തിയെന്ന് അറിയിക്കാമോ? | (ബി) | ആലക്കോട് സബ് ട്രഷറിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് ആലക്കോട് പഞ്ചായത്തിൻ 10 സെന്റ് സ്ഥലം ട്രഷറി വകുപ്പിന് കൈമാറുന്നതിനുള്ള നടപടികളുടെ ഫയൽ (RC/146/2019) ഇപ്പോൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ പരിഗണനയിലാണ്. സ്ഥലം കൈമാറി ലഭിച്ച് ട്രഷറി നിർമ്മാണത്തിനായി ട്രഷറി വകുപ്പിന്റെ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ